DESPATCHED
On 8/6/2020
12.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1900** *(2)/2019/എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15248** */എസ്.ഐ.സി–ജി 6/19)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.മാഹീൻ അബൂബെക്കർ,
സുമയ്യ പോളി ഫ്ളക്സ് ഇൻഡസ്ട്രീസ്,
ഷെഡ് നം.7, മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റ്,
കൊല്ലോട് പി.ഒ., കിള്ളി, കാട്ടാക്കട. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
മാനേജിംഗ് ഡയറക്ടർ,
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സഹകരണ സംഘം,
നമ്പർ ടി 298, ജില്ലാ വ്യവസായ കേന്ദ്രം,
വെള്ളയമ്പലം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.05.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.06 .2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.06.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.07.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.09.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എം.മാഹീൻ അബൂബേക്കർ, 23.09.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം കമ്മീഷൻ ഓഫീസിൽ ലഭിക്കു കയും ആയത് **AP.No.1900(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്നും രേഖാമൂലം തുടർന്ന് സമർപ്പിച്ച അപ്പീലിന് അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ. മറുപടി നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 09.05.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 10.06.2019ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെ ടുത്തി 15.06.2019ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.07.2019ന് മറുപടി നൽകിയതായും കാണുന്നു.

4. 30.01.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്ന ത്, തിരുവനന്തപുരം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ.റ്റി.298 എന്ന സ്ഥാപനം 1969ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഒരു സഹകരണ സ്ഥാപനമാ ണെന്നും നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ് ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നതെന്നും ചെറുകിട വ്യവസായികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവ ശ്യമായ ഫാക്ടറി ഷെഡ്ഡുകൾ നിർമ്മിച്ച് ഹയർ പർച്ചേസ് വ്യവസ്ഥയിൽ കൈമാറ്റം ചെയ്യുക എന്നതാണ് ടി സ്ഥാപത്തിന്റെ പ്രധാന പ്രവർത്തനമെന്നുമാണ്. കൂടാതെ ഷെഡ് അനുവദിഛന്ന അംഗങ്ങളാണ് ടി സംഘത്തിന്റെ അംഗങ്ങളെന്നും ടി സ്ഥാപന ത്തിന്റെ ജനറൽ ബോഡിയിൽ ആകെ 58 അംഗങ്ങൾ ഉണ്ടെന്നും സംഘത്തിന്റെ പിരി ച്ചെടുത്ത ഓഹരി മൂലധനം 9,48,500/- രൂപയാണെന്നും ഇപ്പോൾ 40 ലക്ഷത്തിലധികം രൂപ സംഘത്തിന് സ്വന്തമായി ബാങ്ക് നിക്ഷേപമുണ്ടെന്നും 9.73 കോടി രൂപ മൂല്യമുള്ള സ്ഥിര ആസ്തികളുമുള്ളതിൽ ആകെ 3,29,100/- രൂപ സർക്കാരിൽ നിന്നും മൂലധന പങ്കാളിത്തമായി ലഭിച്ചിട്ടുണ്ടെന്നുമാണ്. സംഘത്തിന്റെ മൊത്തം ആസ്തിയുടെ 0.32 ശതമാനം മാത്രമേ സംഘത്തിന് സർക്കാർ ഓഹരി ലഭിച്ചിട്ടുള്ളുവെന്നും സംഘം പ്രവർത്തനത്തിന് ആവശ്യമായി വരുന്ന മുഴുവൻ ഫണ്ടുകളും ബാങ്കുകളിൽ നിന്നും വായ്പയായി എടുക്കുകയും പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കുകയും ചെയ്തുവരുന്നുവെ ന്നുമാണ്. മാത്രമല്ല ഇപ്പോൾ സ്വന്തം നിലയിൽ മാത്രമാണ് സംഘം പ്രവർത്തിക്കുന്നതെ ന്നുമാണ്. ടി അവസരത്തിൽ ബഹു.സൂപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി ന്യായ

പ്രകാരം സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിലെ 2(എച്ച്) പ്രകാരമുള്ള പബ്ളിക് അതോറിറ്റിയുടെ നിർവ്വചനത്തിൽ കീഴിൽ വരുന്നതല്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ 09.05.2019ലെ അപേക്ഷയ്ക്ക് 10.06.2019ന് നൽകിയെന്നു പറയുന്ന മറുപടി ടിയാന് ലഭിച്ചിട്ടില്ലെന്നും തുടർന്ന് അപ്പീൽ അധികാരിയ്ക്ക് നൽകിയ ഒന്നാം അപ്പീലിന്മേൽ ഹർജിക്കാരന് 15 ദിവസത്തിനകം മറുപടി നൽകണമെന്ന് ഉത്തരവാകുകയും ടി ഉത്തരവ് ഒന്നാം എതിർകക്ഷി പാലിച്ചിട്ടില്ല എന്നും ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ സർക്കാരിന്റെ ധനസഹായം ടി സ്ഥാപനം കൈപ്പറ്റുന്നില്ലെന്നും ആകയാൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ടി സ്ഥാപനം വരുന്നില്ല എന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഇരുകക്ഷികളുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ Thalappalam Service Co-operative Bank & others Vs. State of Kerala & others എന്ന കേസ്സിൽ ബഹു.സുപ്രീം കോടതി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസ്ഥാപനങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാലും ഇതേ വിഷയത്തിൽ മുഖ്യ വിവരാവകാശ കമ്മീഷണർ ഹിയറിംഗ് നടത്തി ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM